## മുംബൈ സ്ഫോടനം
# മുസ്‌ലിം സംഘടനകൾ അപലപിച്ചു


മൗലാനാ റാബിഅ് ഹസൻ നദ്‌വി


നുസ്റത്ത് അലി

**ജൂലൈ** 13-ന് മുംബൈയിൽ നടന്ന സ്ഫോടനങ്ങളെ പ്രമുഖ ദേശീയ മുസ്‌ലിം സംഘടനകൾ ശക്തമായി അപലപിച്ചു. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്, ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറ തുടങ്ങിയ സംഘടനകൾ സ്ഫോടനത്തെ ശക്തമായി അപലപിക്കുകയും വീണ്ടും തലപൊക്കുന്ന മുസ്‌ലിം വേട്ടക്കെതിരെ താക്കീത് നൽകുകയും ചെയ്തു.


പൊതുജനത്തിന്റെ സ്വൈര ജീവിതത്തിന് വിഘാതം സൃഷ്ടിക്കുകയും സമാധാനം നശിപ്പിക്കുകയും ചെയ്യുന്ന ഭീകരവൃത്തിയെന്ന് സ്ഫോടനത്തെ വിശേഷിപ്പിച്ച, ജംഇയ്യത്ത് ജന. സെക്രട്ടറിയും രാജ്യസഭാ എം.പിയുമായ മഹ്മൂദ് മദനി ഉന്നതതല അന്വേഷണം നടത്തി കുറ്റവാളികളെ പിടികൂടണമെന്നാവശ്യപ്പെട്ടു.

അതേസമയം സ്ഫോടനത്തിന്റെ പേരു പറഞ്ഞ് നിരപരാധികളായ മുസ്‌ലിംകളെ വേട്ടയാടരുത്. രാജ്യത്ത് ഒട്ടനവധി ഭീകര വിധ്വംസക പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സംഘടനകളെ സംശയിക്കാതിരിക്കുകയും നിലനിൽപ് പോലും തെളിയിക്കപ്പെട്ടിട്ടില്ലാത്ത സംഘടനകൾക്ക് പിന്നാലെ പായുകയും ചെയ്യുന്നത് അനീതിയാണ്. മാധ്യമങ്ങൾ കുറ്റവിചാരണ തുടങ്ങുംമുമ്പ് യഥാർഥ വസ്തുതകൾ ജനങ്ങൾക്കെത്തിക്കണം - മദനി ആവശ്യപ്പെട്ടു.

ഉന്നതതല അന്വേഷണം നടത്തണമെന്ന് ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ജനറൽ നുസ്റത്ത് അലി ആവശ്യപ്പെട്ടു. സ്ഫോടനങ്ങൾ ആവർത്തിക്കുന്നത് രഹസ്യാന്വേഷ ഏജൻസികളുടെ പിടിപ്പുകേടാണ്. കുറ്റക്കാരെ പിടികൂടുന്നതിന് മുമ്പ് ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നത് തടയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സ്ഫോടനത്തെ മനുഷ്യത്വരഹിതമെന്നും കിരാതമെന്നും വിശേഷിപ്പിച്ച പേഴ്സണൽ ലോ ബോർഡ് പ്രസിഡന്റ് മൗലാനാ റാബിഅ് ഹസൻ നദ്‌വി കുറ്റവാളികളെ പിടികൂടി ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു.


മഹ്മൂദ് മദനി


ഡോ. സഫറുൽ ഇസ്‌ലാംഖാൻ

യഥാർഥ കുറ്റവാളികളെ ഉടൻ കണ്ടെത്തി ശിക്ഷിക്കണമെന്ന് മുശാവറ ആക്ടിംഗ് പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാംഖാൻ ആവശ്യപ്പെട്ടു.

# ഇന്ത്യൻ വഖ്ഫ് സർവീസ് ആരംഭിക്കണം

**സച്ചാർ** കമ്മിറ്റി റിപ്പോർട്ടിൽ നിർദേശക്കപ്പെട്ടതുപോലെ ഇന്ത്യൻ വഖ്ഫ് സർവീസ് ആരംഭിക്കണമെന്ന് സച്ചാർ സമിതി അംഗവും റിട്ട. ഐ.എ.എസ് ഓഫീസറുമായ ഡോ. സയ്യിദ് സഫർ മഹ്മൂദ് ആവശ്യപ്പെട്ടു. ഇത് മുസ്‌ലിംകളുടെ പ്രാന്തവൽകരണത്തിന് വഴിവെക്കുമെന്ന ന്യൂനപക്ഷകാര്യ മന്ത്രി സൽമാൻ ഖുർഷിദിന്റെ അഭിപ്രായത്തെ അദ്ദേഹം ചോദ്യം ചെയ്തു. ഭരണഘടനയിലെ 19-ാം ഖണ്ഡിക പ്രകാരമുള്ള അവകാശം മാത്രമാണിത്. ആന്ധ്ര, കർണാടക, തമിഴ്നാട്, കേരളം സംസ്ഥാനങ്ങളിൽ ഹിന്ദു റിലീജ്യസ് ആന്റ് ചാരിറ്റബ്ൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം സംസ്ഥാന പി.എസ്.സികളിലൂടെ പ്രത്യേക സമുദായക്കാരെ മാത്രം തെരഞ്ഞെടുക്കുമ്പോൾ വഖ്ഫ് സർവീസ് മാത്രം എങ്ങനെ പ്രാന്തവൽകരണമാവും? അദ്ദേഹം ചോദിച്ചു.

## പേഴ്സണൽ ലോ ബോർഡ് പ്രത്യക്ഷ സമരത്തിനൊരുങ്ങുന്നു

**വിദ്യാഭ്യാസ** അവകാശ നിമയം, വഖ്ഫ് ഭേദഗതി നിയമം, ഡയറക്ട് ടാക്സ് കോഡ് ബിൽ എന്നിവയിലെ മുസ്‌ലിം വിരുദ്ധതക്കെതിരെ പ്രത്യക്ഷ സമരത്തിനിറങ്ങാൻ ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് തീരുമാനിച്ചു. നിരന്തരമായ ആവശ്യങ്ങളോട് സർക്കാർ കാണിക്കുന്ന അവഗണനക്കെതിരെ ഒന്നാംഘട്ടത്തിൽ മുംബൈ, ദൽഹി, പട്ന, ലഖ്നോ, മീററ്റ് എന്നീ നഗരങ്ങളിൽ പ്രതിഷേധ ധർണകൾ സംഘടിപ്പിക്കും. സർക്കാർ വഴങ്ങാതിരിക്കുന്ന പക്ഷം റമദാനിനു ശേഷം ശക്തമായ പ്രക്ഷോഭങ്ങൾ ആരംഭിക്കും. 1986-ലെ ശരീഅത്ത് സമരങ്ങൾക്കു ശേഷം ഇതാദ്യമായാണ് ഇത്തരത്തിൽ പ്രത്യക്ഷ സമരത്തിനിറങ്ങുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം മദ്റസകൾക്കും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വലിയ ഭീഷണിയാണ് ഉയർത്തുന്നതെന്ന് ബോർഡിലെ സീനിയർ അംഗം അഡ്വ. സഫരിയാബ് ജീലാനി പറഞ്ഞു. ഉത്തരേന്ത്യയിൽ ഇതിന്റെ പ്രത്യാഘാതം ഭീകരമായിരിക്കും. വഖ്ഫ് ഭേദഗതി ബില്ലിലൂടെ വഖ്ഫ് സ്വത്തുക്കളുടെ അവകാശവും വരുമാനവും സമുദായത്തിന് നിഷേധിക്കുകയാണ്. ഡയറക്ട് ടാക്സ് കോഡ് ബില്ലിലൂടെ മതസ്ഥാപനങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്ന എല്ലാ നികുതിയിളവുകളും എടുത്തുമാറ്റാൻ ശ്രമം നടത്തുകയാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

### 'സാമൂഹിക നീതിക്ക് സംവരണം അനിവാര്യം'

**വിദ്യാഭ്യാസ**-തൊഴിൽ രംഗങ്ങളിൽ സംവരണം ഉണ്ടായാലേ സാമൂഹിക രംഗത്ത് നീതിയും തുല്യതയും ഉറപ്പിക്കാനാവൂ എന്ന് എസ്.ഐ.ഒ കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച പരിപാടിയിൽ അഭിപ്രായമുയർന്നു. ദൽഹി സർവകലാശാല പ്രഫ. ജെന്നി റൊവീന, അക്കാദമിക് ഫോറം ഫോർ സോഷ്യൽ ജസ്റ്റിസ് സെക്രട്ടറി പ്രഫ. ഹനി ബാബു എന്നിവരാണ് സംബന്ധിച്ചത്.

സംവരണ ആവശ്യം ഇന്ത്യയിൽ ആദ്യമായി ഉയർത്തിയത് ബ്രിട്ടീഷ് കാലത്ത് ഉന്നത ജാതിക്കാരായിരുന്നെന്ന് പ്രഫ. ജെന്നി പറഞ്ഞു. തുല്യാവസരം ഇല്ലാതാവുമ്പോഴാണ് സംവരണം വേണ്ടി വരുന്നത്. തുല്യാവസരം സൃഷ്ടിക്കുന്നതിൽ രാഷ്ട്രീയ നേതൃത്വവും ജുഡീഷ്യറിയും തുടരുന്ന കള്ളക്കളികൾ പ്രഫ. ഹനി ബാബു വിശദമാക്കി.

എസ്.ഐ.ഒ ദേശീയ പ്രസിഡന്റ് മുഹമ്മദ് അസ്ഹറുദ്ദീൻ, സെക്രട്ടറിമാരായ ശാരിഖ് അൻസാർ, ശൈഖ് ശുഐബ് എന്നിവരും സന്നിഹിതരായിരുന്നു.




## കർണാടക സ്കൂളുകളിലെ ഗീതാ പഠനം വിവാദമാകുന്നു

**കർണാടകയിലെ** സ്കൂളുകളിൽ ഭഗവത്ഗീത പഠനം നിർബന്ധമാക്കിയത് വിവാദമാകുന്നു. കോലാറിൽ പഠനപദ്ധതിയുടെ ഉദ്ഘാടനം എസ്.എഫ്.ഐ തടഞ്ഞതോടെയാണ് 2007-ൽ തുടങ്ങിയ പദ്ധതി വീണ്ടും വിവാദത്തിലായത്. ഇതേത്തുടർന്ന് എസ്.എഫ്.ഐ നേതാക്കൾ അറസ്റ്റിലായി. ഗീതാപഠനത്തെ എതിർക്കുന്നവർ ഇന്ത്യ വിടണമെന്ന് പ്രൈമറി-സെക്കന്ററി വിദ്യാഭ്യാസ മന്ത്രി വിശ്വനാഥ് ഹെഗ്ഡെ കഗേരി പ്രഖ്യാപിച്ചത് പ്രശ്നം കൂടുതൽ സങ്കീർണമാക്കി. കർണാടക സ്റ്റേറ്റ് മൈനോറിറ്റീസ് ഇൻസ്റ്റിറ്റ്യൂഷൻസ് മാനേജ്മെന്റ് ഫെഡറേഷൻ ഹൈക്കോടതിയെ സമീപിച്ചു. കോടതി കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് നോട്ടീസയച്ചിരിക്കുകയാണ്. ഭഗവത്ഗീത സ്കൂളിൽ അടിച്ചേൽപിക്കുന്നത് മതേതരത്വത്തിന് എതിരാണെന്നും ഓരോ കുട്ടിക്കും ഇഷ്ടമതം സ്വീകരിക്കാനുള്ള അവകാശമുണ്ടെന്നും ബോർഡ് ഓഫ് ഇസ്‌ലാമിക് എഡ്യുക്കേഷൻ ചെയർമാനും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീറുമായ അബ്ദുല്ല ജാവേദ് അഭിപ്രായപ്പെട്ടു.